(ബി) കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നടപടിക്രമം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(സി) എന്നത്തേക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തലശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ നിർമ്മാണത്തിനായി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച അഞ്ച് കോടി രൂപയ്ക്ക് പുറമെ വേറെ ഇകയൊന്നും നീക്കിവച്ചിട്ടില്ല.

(ബി) കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ടെണ്ടർ 16-10-2015-ൽ ക്ഷണിച്ചുവെങ്കിലും പ്രതികരണം ഒന്നും ഉണ്ടാകാത്തതിനാൽ വീണ്ടും ടെണ്ടർ ക്ഷണിക്കേണ്ടതുണ്ട്.

(സി) ഇൻവെസ്റ്റിഗേഷൻ നടത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയതിനുശേഷം ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്.

ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ

15 (1089) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റഗുലർ കോളേജുകളിൽ അഡ്മിഷൻ ലഭിക്കാതെ വരുന്ന വിദ്യാർത്ഥികൾ ആണ് ലേണേഴ്സ് സപ്പോർട്ട് സെന്ററുകളിൽ പഠിച്ചുവരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരള യൂണിവേഴ്സിറ്റിയുടെ അധികാര പരിധിയിലുള്ള ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അധികാര പരിധിക്കുള്ളിലുള്ള ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ അനുമതി നല്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷന്റെ കർശന നിർദ്ദേശത്തെ തുടർന്നാണ് ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ നിർത്തലാക്കിയത്.

(സി) സ്വകാര്യ സ്ഥാപനങ്ങൾ വഴിയോ, ഏജൻസികൾ മുഖേനയോ കോഴ്സുകൾ നടത്തുവാൻ പാടില്ല എന്ന യു.ജി.സി.-യുടെ ഉത്തരവ് നിലനിൽക്കുന്നതുകൊണ്ടാണ് ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ തുടർന്ന് പ്രവർത്തിക്കുവാൻ അനുമതി നൽകുവാൻ കഴിയാത്തത്.

LIBRARY ARCHIVES Kerala Legislative Assembly